പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1013

06-06-2018 ലെ മറുപടി

**ജലസേചന-കുടിവെള്ള പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.മുകേഷ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സി.കെ.ശശീന്ദ്രൻ** | | **മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കാലാവസ്ഥാ വ്യതിയാനം കൊണ്ട് സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ജലക്ഷാമത്തിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ പ്രശ്നപരിഹാരത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന ദീർഘകാല നടപടികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | **കേരള ജല അതോറിറ്റി**<br>കാലാവസ്ഥാ വ്യതിയാനം കൊണ്ട് സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ജലക്ഷാമത്തിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ പ്രശ്ന പരിഹാരത്തിനായി നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിൽ എല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കുവാൻ കേരള ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. ഇത് കൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br>**ജലസേചന വകുപ്പ്**<br>മണ്ണ്-ജലസംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിലുള്ള ഇടപെടൽ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണം എന്നിവയിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. |

സമഗ്ര നീർത്തടാധിഷ്ഠിത പ്ലാനുകളും നീർത്തട മാസ്റ്റർ പ്ലാനുകളും രൂപപ്പെടുത്തുന്നതിന് വേണ്ടി തദ്ദേശസ്വയം ഭരണസ്ഥാപനാടിസ്ഥാനത്തിൽ സാങ്കേതിക സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരും സന്നദ്ധ പ്രവർത്തകരുമടങ്ങിയ സാങ്കേതിക സമിതി, ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ഓരോ നീർത്തട പ്രദേശത്തും ജലസുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തി റിഡ്ജ്-ടു-വാലി സമീപനത്തോടു കൂടി മുൻഗണന നിശ്ചയിച്ച് പദ്ധതികൾ നടപ്പിലാക്കുകയാണ് ലക്ഷ്യം. ഈ വിധത്തിലുള്ള പ്രവൃത്തികൾ വഴി തോടുകളിലും, കുളങ്ങളിലും, നദികളിലുമുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാനും സ്ഥായിയാക്കുന്നതിനും സാധിക്കും.

**<u>ഭൂജലവകുപ്പ്</u>**

ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകി വരുന്നു. തുറന്ന കിണർ, ബോർവെൽ റീചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറന്ന കിണർ വഴിയുള്ള 83 കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും കുഴൽക്കിണർ വഴിയുള്ള 5 റീചാർജ്ജ് പദ്ധതികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**<u>ജലനിധി</u>**

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം, തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. ടി പരിപാടി 2018 ഡിസംബറോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ജലനിധി ഒന്നാംഘട്ടത്തിലെ പദ്ധതികളുടെ സുസ്ഥിരമായ പ്രവർത്തനത്തിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ

| | | | |
|---|---|---|---|
| | | | ഭൂഗർഭജല പരിപോഷണ പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. യീൽഡ് ടെസ്റ്റ് മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽക്കിണറുകൾ) സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് റെഗുലേഷനും കുറഞ്ഞ അളവിൽ (40 lpcd – 70 lpcd) പരിമിതപ്പെടുത്താനായി നിർദ്ദേശങ്ങൾ നൽകി വരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar) മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കി വരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചു വരികയാണ്. കൂടാതെ മഴകേന്ദ്രം വഴി മഴവെള്ളസംഭരണവും, ഭൂജലപരിപോഷണവും പരിപാടി നടപ്പിലാക്കി വരുന്നു. വ്യക്തിഗത കുടുംബങ്ങൾക്കും, സ്കൂളുകൾക്കും മഴവെള്ള സംഭരണത്തിനാവശ്യമായ സംഭരണികൾ നിർമ്മിച്ചു നൽകുന്നു. കൂടാതെ വ്യക്തികൾക്ക് തുറന്ന കിണർ റീചാർജ്ജിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. മഴവെള്ള സംഭരണത്തിനും ഭൂജല പരിപോഷണത്തിനും ആവശ്യമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ജലസേചന നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സംസ്ഥാന ജലവിഭവ കൗൺസിലിന്റെ ശുപാർശ പ്രകാരം "ജലനയം 2008" അംഗീകരിച്ചിട്ടുണ്ട്. 'ജലലഭ്യതയെന്നത് ഒരു മനുഷ്യാവകാശമാകുന്നു' എന്ന അടിസ്ഥാന തത്വത്തിലധിഷ്ഠിതമായാണ് പ്രസ്തുത നയത്തിന് രൂപം കൊടുത്തിട്ടുള്ളത്. സാമ്പത്തിക മൂല്യമുള്ള ഒരു പൊതു പൈതൃകമെന്ന നിലയിൽ ജലത്തിന്റെ ക്രമീകൃതമായ ഉപയോഗവും സംരക്ഷണവും ഓരോ പൗരന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്തമാണെന്നും പൊതുവായ ആവശ്യത്തിന് വേണ്ട ഈ പ്രകൃതി വിഭവത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിനാണെന്നും പ്രസ്തുത നയം വ്യക്തമാക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (സി) | ജലസേചന പദ്ധതി വിഭാഗം 1-ന് കീഴിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട അഗളി, ഷോളയാർ, കോട്ടത്തറ മേഖലയിലെ 4900 ഹെക്ടർ കൃഷി ഭൂമിയ്ക്ക് ജലസേചനമൊരുക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി വിഭാവനം ചെയ്ത അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ 1970 ൽ ആരംഭിക്കുകയും 1973 ൽ പ്രോജക്ട് റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിക്കുകയും ചെയ്തു. 1978 ൽ അണക്കെട്ടിന്റെ (ഫൗണ്ടേഷൻ) നിർമ്മാണവും, 6.50 കി.മീ കനാൽ നിർമ്മാണവും ആരംഭിച്ചെങ്കിലും കാവേരി നദീജല തർക്കത്തെ തുടർന്ന് കേന്ദ്രജല കമ്മീഷന്റെ അംഗീകാരം ലഭ്യമാകാതിരുന്നതിനാൽ 1989 ൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചു.<br>കാവേരി ജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധി 2007 ൽ പുറപ്പെടുവിച്ചെങ്കിലും, പ്രാബല്യത്തിൽ വരാൻ വൈകിയതു കാരണം 2012 ൽ എ.വി.ഐ.പി.ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും പദ്ധതിയ്ക്ക് ആവശ്യമായ ക്ലിയറൻസുകൾ നേടിയെടുക്കാൻ ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.<br>അട്ടപ്പാടി ജലസേചന പദ്ധതിയുടെ EIA (Environmental Impact Assessment) പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചു കിട്ടുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രദേശം തമിഴനാട് സംസ്ഥാന അതിർത്തിയിൽ നിന്നും 10 കി.മീന് ഉള്ളിലായതിനാൽ പദ്ധതിയിന്മേൽ തമിഴനാട് സർക്കാരിന്റെ അഭിപ്രായം ആരായാൻ നിർദ്ദേശിച്ചു. പ്രസ്തുത പദ്ധതി നിലവിൽ ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ്.<br>ജലസേചന പദ്ധതി വിഭാഗം 2-ന് കീഴിൽ ദീർഘകാലമായി പൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികളാണ് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയും ഇടമലയാർ ജലസേചന പദ്ധതിയും. ഈ പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനകരമായ രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി നിർദ്ദേശം നൽകുവാനായി Chief (Agriculture Division), Planning Board കൺവീനർ ആയി അഞ്ചംഗ സാങ്കേതിക |

| | | | |
|---|---|---|---|
| | | | സമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികൾ പ്രയോജനകരമായ രീതിയിൽ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പാതിവഴിയിലായ കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ തടസ്സങ്ങൾ നീക്കി സമയബന്ധിതമായി പൂർത്തിയാക്കുവാനായി കേരള ജല അതോറിറ്റി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**